കേരള സർക്കാർ

# ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

# 2016-17
## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ.-ഇ.കെ.എം(പി.9)1265/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 26.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.9)1265/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 26.07.2017

# എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഇലഞ്ഞി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 01.04.2016മുതൽ 20.06.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ജയപ്രകാശ് പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 2016-17 | |

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 20.06.2017 മുതൽ 28.06.2017 വരെ | ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ഷെഫീക്ക് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോഷി തോമസ്. ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | പേര് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർമാൻ | ശ്രീ.ജോയീസ് മാമ്പള്ളി | 01.04.2016 | 31.03.2017 |
| വൈസ് ചെയർപേഴ്സൺ | ശ്രീമതി.ജിലു സിബി | 01.04.2016 | 31.03.2017 |
| ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി. റിയ മനോജ് | 01.04.2016 | 31.03.2017 |
| ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി. ലീല സുഖവാസ് | 01.04.2016 | 31.03.2017 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി.റെജി ജോർജ്ജ് | 01.04.2016 | 31.03.2017 |
| വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി.റിയ മനോജ് | 01.04.2016 | 31.03.2017 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി. ജിലു സിബി | 01.04.2016 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ. കെ.എസ്. രവി | 01.04.2016 | 30.06.2016 |
| | ശ്രീമതി. സുനിത വി. | 01.07.2016 | 04.11.2016 |
| | ശ്രീ.കെ.എൻ. അജയൻ (അധിക ചുമതല) | 05.11.2016 | 20.12.2016 |
| | ശ്രീമതി. ശോഭ പി.എൻ | 21.12.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി വത്സല. കെ.കെ | 01.04.2016 | 31.03.2017 |
| അസി. എഞ്ചിനീയർLSGD | ശ്രീ. ലാൽപ്രസാദ് | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ PHC | ഡോ. അശ്വതി | 01.04.2016 | 19.06.2016 |
| | ഡോ. ചിഞ്ചു പ്രേം | 20.6.2016 | 07.09.2016 |
| | ഡോ. സിമി | 08.09.2016 | 20.2.2017 |
| | ഡോ. നിതിൻ | 21.02.2017 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ലക്ഷ്മി പന്മനാഭനൻ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അഞ്ജു വി. ഷൈനി | 01.04.2016 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ആനിയമ്മ | 01.04.2016 | 06.09.2016 |
| | ശ്രീ. രാഗേഷ് | 07.09.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. ഹരികുമാർ എം | 01.04.2016 | 31.03.2017 |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | ശ്രീ.രാജേഷ് റ്റി | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശ്യാമള എൻ | 01.04.2016 | 31.03.2017 |
| | ശ്രീമതി. സുനിത വി. | 01.04.2016 | 04.11.2016 |
| അസി. സെക്രട്ടറി | ശ്രീ. കെ.എൻ അജയൻ | 05.11.2016 | 31.03.2017 |

.
റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം-1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| ഭാഗം-2 | | |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-1 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത് സംബന്ധിച്ച് | 2-2 |
| 13 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-3 |
| 14 | നിർമ്മാണം ക്രമവൽക്കരിച്ച് വസ്തു ചുമത്തുവാൻ കാലതാമസം വരുന്നത് സംബന്ധിച്ച് | 2-4 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-5 |
| 16 | വാടക പിരിച്ചെടുത്തില്ല നഷ്ടം 7448 രൂപ | 2-6 |
| 17 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് നഷ്ടം 19910 രൂപ | 2-7 |
| ഭാഗം-3 | | |
| 18 | ആയൂർവേദം മരുന്നു വാങ്ങൾ മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല | 3-1 |
| 19 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല | 3-2 |

| | | |
|---|---|---|
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 |
| 21 | ആദായ നികുതി ഈടാക്കിയിട്ടില്ല. നഷ്ടം 4323/- | 3-4 |
| ഭാഗം-4 | | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| വരവ് | 92932500 | 39529147 | | 53403353 |
| ചെലവ് | 95928500 | 36968497 | 0 | 58960003 |

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2016-17 വർഷത്തെ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായില്ല.ബജറ്റും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 16.06.2017 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6285988- |
| വരവ് | 39529147- |
| ആകെ | 45815135- |
| ചെലവ് | 36968497- |
| നീക്കിയിരിപ്പ് | 8846638- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക(*) | ആകെ | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8957591 | 8957591 | 8957591 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1309697 | 1309697 | 1309697 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2241 | 2241 | 2241 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2641105 | 2641105 | 2641105 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1512765 | 1512765 | 1512765 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4560972 | 4560972 | 4560972 | 0 |
| പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര വിഹിതം | 0 | 1675392 | 1675392 | 1675392 | 0 |
| തൊഴിലുറപ്പ് പദ്ധതി | 3103 | 17762473 | 17765516 | 17761719 | 3857 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2016-17 | 110 | 91 | 15 | 4 | 82.72 |

# 1-6 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് കാലയളവിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1944286 | 3930865 | 1986579 | 102.18% |
| നികുതിയേതര വരവുകൾ | 482841 | 916143 | 433302 | (+)89.74% |
| മറ്റുവരവുകൾ + പലിശ | 48910 | 115482 | 66572 | 136.11 |
| ആകെ | 2476037 | 4962490 | 2486453 | 100% |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32400 | 38 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 3240260 | 1626 |
| വിധവാ പെൻഷൻ | 4774110 | 2165 |
| വാർദ്ധക്യകാല പെൻഷൻ | 9012480 | 3650 |
| വികലാംഗപെൻഷൻ | 1617530 | 763 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 497930 | 198 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.6.2017 ന് അസി. സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2563/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.5.2017 | 4/2017 | 27.5.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.7.2009 | 2008-09 | 3.8.2009 |

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ഫയലുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പഞ്ചായത്ത് കെട്ടിടത്തിന്റെ രണ്ടാം നിലയിലായതിനാൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന വൃദ്ധജനങ്ങൾക്കും വികലാംഗർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്ത് കെട്ടിടത്തിന് സ്ഥലപരിമിതി ഉള്ളതിനാൽ ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. പുതിയ പഞ്ചായത്ത് കെട്ടിടം പ്രവർത്തനക്ഷമമാകുന്നതോടെ ഈ ബുദ്ധിമുട്ട് പരിഹരിക്കപ്പെടും.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്കുകൾ ഓഡിറ്റ് സമയത്ത് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നത് -

ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് '. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (20-9-2011 ലെ 6(1) നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് വിവരം, അസ്സസ്സ്മെന്റ് തീയതി | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ്, ലൈബ്രറിസെസ്സ് ഉൾപ്പടെ (ച.മീ.ന് 30 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ്, ലൈബ്രറി സെസ്സ് ഉൾപ്പടെ (ച.മീ.ന് 50രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | 6/322B | ബീന സിറിയക്ക് 29.05.2017 | 30.67 | 1161 | 1933 | 772 |
| 2 | 6/322C | | 30.67 | 1161 | 1933 | 772 |
| 3 | 6/322D | | 26.71 | 1011 | 1683 | 672 |
| 4 | 6/322E | | 26.71 | 1011 | 1683 | 672 |
| 5 | 6/322F | | 28.04 | 1061 | 1766 | 705 |
| 6 | 6/322G | | 20.72 | 784 | 1305 | 521 |
| 7 | 6/322H | | 41.42 | 1497 | 2609 | 1112 |
| 8 | 6/322J | | 41.42 | 1497 | 2609 | 1112 |
| 9 | 6/322K | | 37.7 | 1356 | 2375 | 1019 |
| 10 | 6/322L | | 37.7 | 1356 | 2375 | 1019 |
| 11 | 6/322M | | 38.98 | 1401 | 2457 | 1056 |
| 12 | 6/322N | | 31.67 | 1139 | 1995 | 856 |
| 13 | 8/70E | രാജു മാത്യു, വിരിപ്പാമറ്റത്തിൽ, 18.03.2016 | 35.425 | 1340 | 2231 | 891 |
| 14 | 8/70E | | 35.425 | 1340 | 2231 | 891 |
| 15 | 8/70E | | 39.37 | 1489 | 2367 | 878 |
| 16 | 8/70E | | 39.37 | 1489 | 2367 | 878 |
| 17 | 12/98B | പി.എം. ഭാസ്കരൻ, പുത്തൻ പുരയ്ക്കൽ 30.03.2017 | 14.74 | 557 | 795 | 238 |
| 18 | 12/98A | | 129.88 | 8183 | 8183 | 0 |
| 19 | 12/98C | | 16.25 | 615 | 1024 | 409 |
| 20 | 12/98D | | 16.25 | 615 | 1024 | 409 |
| 21 | 12/98E | | 16.25 | 616 | 1024 | 408 |
| ആകെ | | | | 15290 | | |

ഇപ്രകാരം കുറവായി നികുതി നിർണയം നടത്തിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീ. 23.6.17) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെയും സമാനമായി നിയമപ്രകാര മല്ലാതെ നികുതി കുറവായി നിശ്ചയിച്ച മറ്റ് കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിൽ കുറവ്

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ (അ)19/2011/തസ്വഭവ/ തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവയ്ക്ക് മാത്രമാണ് പഞ്ചായത്ത് നികുതി ചുമത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means "any structure for whatever purpose and of whatever material"). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ)നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ടവറിന്റെ വിവരം | അസസ്സ്മെന്റ് നം | നികുതി നിശ്ചയിക്കുന്നതിന് കണക്കിലെടുത്ത വിസ്തീർണ്ണം | ഈടാക്കിയ നികുതി | പെർമിറ്റ് എടുത്ത സ്കെച്ച് പ്രകാരം യഥാർത്ഥ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 1/132B | 22.49m2 | 12989 | 121.95m2 |
| 2 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 3/122A | 12.9m2 | 8127 | 29.38m2 |
| 3 | ഇൻഡസ് ടവേഴ്സ് | 4/343A | 13.1m2 | 8253 | 78.75m2 |
| 4 | ഭാരതി എയർടെൽ ഇൻഫ്രാസ്ട്രക്ച്ചർ | 12/305 | 15.54m2 | 8975 | 100.86m2 |
| 5 | ബി.എസ്.എൻ.എൽ. | 4/110 | 40m2 | 12600 | സ്കെച്ചിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| 6 | ഇൻഡസ് മൊബൈൽ ലിമിറ്റഡ് | 10/27 | 60.93m2 | 31989 | 60.93m2 |
| 7 | ഐഡിയ കമ്മ്യൂണിക്കേഷൻസ് | 9/94A | 29.61m2 | 18655 | 73.87m2 |
| 8 | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 11/50A | | 5775 | ഫയൽ ഇല്ല |

എല്ലാ മൊബൈൽ ടവറുകളുടെയും ശരിയായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീ. 23.6.17) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മൊബൈൽ ടവറുകളുടെ നികുതി യഥാർത്ഥ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

.

## 2-4 നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി ചുമത്തുവാൻ കാലതാമസം വരുന്നത് സംബന്ധിച്ച്

നം. എ4-2784/10 തീ.21.12.2010 പ്രകാരം 28833 ച.മീ.ന് നിർമ്മാണ അനുമതി നൽകിയ വിസാറ്റ് (VISAT) എഞ്ചിനിയറിംഗ് കോളജിന്റെ മൂന്ന് കെട്ടിടങ്ങൾക്ക് (6070 ച.മീ. വിസ്തീർണ്ണം) 23.4.11ൽ കെട്ടിട നമ്പർ നൽകി നികുതി നിശ്ചയിച്ചിരുന്നു. തുടർന്ന് 29.9.15ൽ പെർമിറ്റ് പുതുക്കി നൽകിയ ടി നിർമ്മിതിയുടെ 6365.56 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 19.01.17ൽ കെട്ടിട നമ്പർ ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചുവെങ്കിലും നാളിതുവരെ നമ്പർ നൽകി നികുതി നിശ്ചയിച്ചിട്ടില്ല. പെർമിറ്റ് പ്രകാരമല്ല നിർമ്മാണം

നടന്നത് എന്നതിനാൽ നിർമ്മാണം ക്രമവൽക്കരിക്കുവാൻ വരുന്ന താമസമാണ് (ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭ്യമാകുവാനുള്ള താമസം മൂലം) ഇതിന് കാരണമായി അറിയിച്ചത്. ടി കെട്ടിടങ്ങൾ ഉപയോഗിച്ച് തുടങ്ങിയ തീയതി മുതൽ നികുതി നിശ്ചയിക്കുന്നതിനും നിർമ്മാണം ക്രമവൽക്കരിക്കുന്നത് വരെ പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം പിഴ സഹിതം നികുതി ഈടാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി അപാകതകൾ

1. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | മോനിപ്പള്ളി മാർക്കറ്റിംഗ് സഹകരണ സംഘം | രണ്ട് അർദ്ധവർഷവും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 2 | പൊൻകുറ്റി ക്ഷീരോൽപാദക സഹകരണ സംഘം | |
| 3 | പെരുമ്പടവം ക്ഷീരോൽപാദക സഹകരണ സംഘം | |
| 4 | ക്ഷീരോൽപാദക സഹകരണ സംഘം, കുളങ്ങരപ്പടി | |
| 5 | മാവേലി സ്റ്റോർ മുത്തോലപുരം | |
| 6 | ന്യൂ വിൻകോ കോർപ്പറേഷൻ | |
| 7 | മിനി മുത്തൂറ്റ് ഇലഞ്ഞി | ആദ്യ അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 8 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | |
| 9 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഇലഞ്ഞി | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയില്ല |
| 10 | ക്ഷീരോൽപാദക സഹകരണ സംഘം. മുത്തോലപുരം | |
| 11 | സെന്റ് പീറ്റേഴ്സ് ഹോസ്പിറ്റൽ ഇലഞ്ഞി | |
| 12 | വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജി | രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയില്ല(ആദ്യ അർദ്ധവർഷം ഈടാക്കിയത് 80800/-രൂപ) |

.

2. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ബി.എസ്.എൻ.എൽ ഇലഞ്ഞി
2. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഇലഞ്ഞി
3. മിനി മുത്തൂറ്റ് ഇലഞ്ഞി
4. എടത്തൊട്ടി ഡെന്റൽ ക്ലിനിക്
5. ഇലഞ്ഞി മെഡിക്കൽ സെന്റർ
6. ക്ഷീരോൽപാദക സഹകരണ സംഘം ഇലഞ്ഞി

7. ക്ഷീരോൽപാദക സഹകരണ സംഘം മടുക്ക
8. ക്ഷീരോൽപാദക സഹകരണ സംഘം കുളങ്ങരപ്പടി
9. ക്ഷീരോൽപാദക സഹകരണ സംഘം ജോസ്ഗിരി
10. ക്ഷീരോൽപാദക സഹകരണ സംഘം മുത്തോലപുരം
11. മാവേലി സ്റ്റോർ മുത്തോലപുരം
12. സെന്റ് പീറ്റേഴ്സ് ഹോസ്പിറ്റൽ ഇലഞ്ഞി
13. അപ്പച്ചി വൈദ്യൻസ് ഇലഞ്ഞി
14. വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻറ് ടെക്നോളജി
15. മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ്

3. കേരള സെയിൽസ് ടാക്സ് വെബ് സൈറ്റിലെ (http://www.kerala taxes.gov.in/homedocuments%5Ckmldealers_15-05-2014.pdf) വിവരപ്രകാരം മണി ലെൻഡിംഗ് സ്ഥാപനങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര്, വിലാസം, വാർഡ് |
|---|---|---|
| 1 | കീടശേരിൽ ഫിനാൻസിയേഴ്സ് | ബിനുമോൻ,പൂന്തോട്ടം, 66, ഇലഞ്ഞി 11 |
| 2 | പി.ബി. ഫിനാൻസിയേഴ്സ് | കൃഷ്ണൻ, നിരവത്ത്, 398, ഇലഞ്ഞി 10 |
| 3 | പാറക്കണ്ടത്തിൽ ഫിനാൻസിയേഴ്സ് | സെന്റ് പീറ്റേഴ്സ് ചർച്ച് ബിൽഡിംഗ്, 439, ഇലഞ്ഞി ടൗൺ, 10 |
| 4 | പഴയകടവിൽ ഫിനാൻസ് | ചിന്നമ്മ, പാറപ്പുറം, 317,ഇലഞ്ഞി, 8 |
| 5 | പെരുമ്പള്ളിൽ ഫിൻമാർട്ട് | ടോം പെരുമ്പിള്ളിൽ ബിൽഡിംഗ് നം-5/130, ഇലഞ്ഞി |
| 6 | സെന്റ്. മേരീസ് ഫിനാൻസ് | കല്ലാനിക്കൽ ബിൽഡിംഗ് 499/D, മാർക്കറ്റ് റോഡ്, ഇലഞ്ഞി, 8 |
| 7 | സെന്റ്. സേവ്യേഴ്സ് ഫിനാൻസിയേഴ്സ് | കുന്നംപുറത്ത് 321, ഇലഞ്ഞി, 6 |

പഞ്ചായത്ത് പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടികൾ ശ്രദ്ധിക്കേണ്ടതാണ്. ഈടാക്കുവാൻ ബാക്കിയുള്ള മുഴുവൻ തൊഴിൽ നികുതിയും പലിശ സഹിതം ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക പിരിച്ചെടുത്തില്ല നഷ്ടം 7448 രൂപ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 11/71 നമ്പർ മുറി 2016-17 വർഷത്തിലേക്ക് വാടകയ്ക്ക് നൽകിയ ശ്രീ. ശശി ആശാരിക്കുന്നേൽ എന്നയാൾ 8/16മുതൽ 3/17 വരെയുള്ള വാടക 7448 രൂപ (931*8) നാളിതു വരെ അടവാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് 23.6.17 നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി കുടിശിക അടക്കുന്നതിന് 13.2.17, 3.3.17 എന്നീ തീയതികളിൽ നോട്ടീസ് നൽകിയെന്നും വാടക പിരിച്ചെടുക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ്. മറുപടി അംഗീകരിക്കുന്നില്ല. വാടക കുടിശിക വരുത്തിയ ശ്രീ. ശശി ആശാരിക്കുന്നേലിൽ നിന്നോ ടി കാലയളവിലെ സെക്രട്ടറിയിൽ നിന്നോ വാടക കുടിശിക ഈടാക്കിയും ടിയാനെ ഒഴിവാക്കി 11/71 മുറി പുനർലേലം ചെയ്തും ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-7 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് നഷ്ടം 19910 രൂപ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, ഉടമയുടെ പേര് | ഉപയോഗം | ഉപയോഗിക്കുന്ന എച്ച്.പി. | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| 1 | നീരാക്കൽ ഗ്രാനൈറ്റ്സ്, എൻ.ജെ. ജയിംസ്, മുത്തോലപുരം പി.ഒ. ഇലഞ്ഞി | എം സാൻഡ് ഉൾപ്പെടെ സ്റ്റോൺ അഗ്രിഗേറ്റസ് നിർമാണം (പ്രതിദിനം 1320 ടൺ- പിസിബി പ്രകാരം) | 2491 എച്ച്.പി. (പി.സി.ബി. സാക്ഷ്യപത്രം പ്രകാരം) | 5000-, 11502 101895 തീയതി 18.2.16 | 24910- (200 എച്ച്.പി. വരെ 2000രൂപ. തുടർന്നുള്ള ഓരോ എച്ച്.പിക്കും 10 രൂപ) | 19910/- |

കുറവായി ഈടാക്കിയ ലൈസൻസ് ഫീസ് പ്രസ്തുത സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആയുർവേദം മരുന്നു വാങ്ങൽ- മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവഹണ ഉദ്യോഗസ്ഥയായ ഇലഞ്ഞി എൻ.ആർ.എച്ച്.എം ആശുപത്രിക്ക് മരുന്നു വാങ്ങലിന് (പ്രൊജക്ട് നം.14/17) 400000/- രൂപ ഡിഡി നം. 76637/24.11.2016 (എസ്.ബി.ടി. കൂത്താട്ടുകുളം) പ്രകാരം ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ ഓഫ് കേരളയ്ക്ക് നൽകി. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 10.12.2016 ൽ തുക കൈപ്പറ്റിയതിന്റെ രസീത് കിട്ടിയിട്ടുണ്ട്. പല ഘട്ടങ്ങളായി ലഭിച്ച മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 3037/16-17 തീ.31.12.16 | 186523 |
| 2 | 3563/16-17 തീ.9.02.17 | 44563 |
| 3 | 4283/16-17 തീ 26.2.17 | 92164 |
| 4 | 5011/16-17 തീ.31.3.17 | 8376 |
| 5 | 4676/16-17 തീ 18.03.17 | 53611 |
| | ആകെ | 385237 |
| | അവശേഷിക്കുന്നത് | 14763 |

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഹോമിയോ ഡിഡ്പെൻസറിക്ക് മരുന്നു ലഭിക്കുന്നതിൽ കാലതാമസം

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പ്രൊജക്ടിനു വേണ്ടി 30.1.2017 ൽ സഹകരണ ഹോമിയോ ഫാർമസിയ്ക്ക് 50000 രൂപ ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ

രസീത് 16.5.2017 ൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതു വരെയായിട്ടും മരുന്നു ലഭ്യമായിട്ടില്ല. മരുന്ന് താമസംവിനാ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നു ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| പ്രോജക്ട് നം,പേര് | എസ്.6/17, പി.എം,എ.വൈ. ഭവനപുനരുദ്ധാരണം | എസ്.111/-17, ഐ.എ.വൈ. വിഹിതം |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി | അസി. സെക്രട്ടറി |
| ബിൽ നം, തീയതി | 02/2016-17, 23.11.2017 | 02/2016-17, 23.11.2017 |
| തുക, ചെക്ക് നം. | 100000/- ഡി.ഡി. നം 76685 തീ 30.11.2016 | 100000/- A/C Transfer No.6717797770 തീ 25..03.17 50000/- A/C Transfer No.6717797770തീ 21.02.17 70084/- A/C Transfer No.6717797770തീ 30..03.17 SBT, KAKKOOR |
| അടങ്കൽ, ഫണ്ട് | 100000/- (വികസന ഫണ്ട് എസ്.സി.പി ) | 220084/- (വികസന ഫണ്ട് എസ്.സി.പി ) |

പി.എം.എ.വൈ ഭവനപുനരുദ്ധാരണ പദ്ധതി, ഐ.എ.വൈ വിഹിതം എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് എസ്.സി.പി യിൽ ഉൾപ്പെടുത്തി 320084/- രൂപയുടെ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

.

## 3-4 ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | 37/2016-17 മുട്ടക്കോഴി വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നം,തീയതി, | 03/2016-17, 23.03.2017. 05/2016-17, 27.03.2017 |
| തുക, ചെക്ക് നം | 100500 A/C Transfer, 33500.ഡി.ഡി നം No.18001, തീ.23.03.2017. 61500 A/C Transfer, 20625 ഡി.ഡി നം No.18002, 27.03.2017 |

| അടങ്കൽ, | 361820/- |
|---|---|

മേൽ പരാമർശിത പദ്ധതി പ്രകാരം മുട്ടക്കോഴി വിതരണത്തിനായി ശ്രീ. ജെയിംസ് വി.കെ. എന്ന വ്യക്തിയുടെ ഫാമിലി എഗ്ഗർ നേഴ്സറി എന്ന സ്ഥാപനത്തിൽ നിന്നും 134000/- രൂപായ്ക്കും, ശ്രീ. രവീന്ദ്രൻ എന്ന വ്യക്തിയുടെ ആര്യ എഗ്ഗർ നേഴ്സറിയിൽ നിന്നും 82125/- രൂപക്കും മുട്ടക്കോഴി വാങ്ങിയിട്ടുണ്ട്. എന്നാൽ ആദായ നികുതി നിയമം 194സി പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതായ 2% ആദായ നികുതി തുകയായ 4323/- രൂപ ഈടാക്കി കാണുന്നില്ല. ഇത് സംബന്ധിച്ച് 21.6.17ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടി ലഭ്യമാക്കിയില്ല. ടി തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2016-17 | 1,77,274 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,77,274 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 80,000 | ക്ഷീര സംഘങ്ങൾ വഴി പാലിന് ഇൻസെൻറീവ് | 80,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്ക് ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | അനുമതി ലഭിച്ച തുക | എടുത്ത തുക | | മുതൽ | പലിശ | |
| 1 | EMS ലോൺ തിരിച്ചടവ് | സ.ഉ.നം 315/2010 തസ്വഭവ തീയതി 28/01/10 | 9241500 | 6885825 | 639518 | 639518 | 0 | 0 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4229/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2010-11 | 3-10 | 500 | സി.ഇ. വിജയൻ നായർ, സെക്രട്ടറി | 11602100529 തീ. 5.8.16 |
| 2011-12 | 3-1 | 2336 | സി.ഇ. വിജയൻ നായർ, സെക്രട്ടറി | 11602100529 തീ. 5.8.16 |
| 2011-12 | 3-2 | 750 | സിന്ധു എം.പി. (പി.ടി.എസ്) | 11602100551 തീ. 5.8.16 |
| 2009-10, 2010-11 | 2-4(12) | 643 | പി.എസ്. ജോൺ | 11602100631തീ. 28.6.16 |
| | ആകെ | 4229 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39529147 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36968497 |
| വരവിനങ്ങളിലുള്ള നഷ്ടം | 27358 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4323 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-7 | 19910 | -- | ശ്രീ. കെ.എസ്. രവി, സെക്രട്ടറി |
| 2-6 | 2793 | -- | ശ്രീമതി. സുനിത വി., സെക്രട്ടറി |
| | 1862 | -- | ശ്രീ. കെ.എൻ. അജയൻ, അസി. സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) |
| | 2793 | -- | ശ്രീമതി. ശോഭ.പി. എൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | 27358 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 50000 | ഡോ. അഞ്ജു വി ഷൈനി, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-4 | 4323 | ഡോ. ഹരികുമാർ എം, വെറ്റിനറി സർജൻ |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിര മേൽവിലാസങ്ങൾ

| ക്രമ നം. | പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി. സുനിത വി. സെക്രട്ടറി | സെക്രട്ടറി, വെങ്ങോല ഗ്രാമപഞ്ചായത്ത് | അഞ്ജലി (വീട്) ഏരൂർ സൗത്ത് പി.ഒ, തൃപ്പൂണിത്തുറ. |
| 2 | ശ്രീമതി.ശോഭപി.എൻ സെക്രട്ടറി | എസ്.എസ്. എറണാകുളം ജില്ലാ പഞ്ചായത്ത് | ശരണ്യം (വീട്), തൃക്കാക്കര പി.ഒ, കൊച്ചി-21 |
| 3 | ശ്രീ. കെ.എസ്. രവി, സെക്രട്ടറി | റിട്ടയർചെയ്തു | കാരിക്കൽ ഹൗസ്, വളയഞ്ചിറങ്ങര പി.ഒ, തൃപ്പൂണിത്തുറ |
| 4 | ശ്രീ. കെ.എൻ. അജയൻ, അഡി. സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | അസി. സെക്രട്ടറി, ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | കുഴിക്കാട്ട് വീട്, ആയാംകുടി, മുട്ടുചിറ പി.ഒ, കോട്ടയം. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ഇ.(പി.)919/2000/ 20.01.2002 |
| 2006-07 | എൽ.എഫ്.ഇ.(പി.)179/08/ 19.04.2008. |
| 2008-09 | എൽ.എഫ്.ഇ.(പി 9)-669/10/ 29.10.2011 |
| 2009-10 &10-11 | എൽ.എഫ്.ഇ.(പി 9)1058/13/ 09.07.2013 |
| 2011-12 | എൽ.എഫ്.ഇ.(പി 9)1699/13/ 9.9.2013 |
| 2012-13 | എൽ.എഫ്.ഇ.(പി 9) 12/2015/ 22.1.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി 9)1188/2016/ 19.7.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി 9) 2227/16 തീ. 12.1.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ ആവശ്യമായ

നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി.9)1265/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :26.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX -1

## AUDIT CERTIFICATE

No.K.S.A.-EKM(P9)1265/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 26.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Elanji Grama panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994,

Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Elanji Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director